# അനുബന്ധം

## അനുബന്ധം-I

**ചോദ്യം നമ്പർ *361-ന്റെ ഉത്തരത്തിന്റെ (ബി) പിരിവിന്റെ വിശദാംശങ്ങൾ**

(1) SIUC ഒഴികെ ക്രിസ്തുമതത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ ഇനം നമ്പർ 49 C ആയി സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(2) കുമാര ക്ഷത്രിയ സമുദായത്തെ ഇനം നമ്പർ 39 A ആയി സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(3) കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദുചെട്ടി, പപ്പടചെട്ടി സമുദായങ്ങളെ ഇനം നമ്പർ 73-ൽ വീരശൈവയുടെ മറ്റ് ഉപവിഭാഗങ്ങൾക്കൊപ്പം സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(4) പുലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവലിയ ഗൗണ്ടർ സമുദായങ്ങളെ ഇനം നമ്പർ 55 A ആയി സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(5) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 63 ആയ Senai

Thalavar എന്നതിന് Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചു.

(6) സംസ്ഥാന ഒ.ബി.സി. പട്ടികയിലെ ഇനം നമ്പർ 53 ആയ പണ്ഡിതാർസ് എന്ന സമുദായപദം പണ്ഡിതാർസ്, പണ്ഡിതർ എന്നാക്കി മാറ്റംവരുത്തി.

(7) ദാസ് എന്ന സമുദായത്തെ സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 13 A ആയി ഉൾപ്പെടുത്തി.

(8) പാർക്കവകുലം സമുദായത്തെ സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 54 A ആയി ഉൾപ്പെടുത്തി.

(9) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 10 ആയ ചക്കാല എന്ന സമുദായപ്പേര് ചക്കാല, ചക്കാല നായർ എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചു.

(10) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 67 ആയ Vaduvans, Vadugans, Vadukars, Vadukas (Vadukans) എന്നീ സമുദായ പദങ്ങൾക്ക് പകരം Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan,

Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans) എന്നാക്കി മാറ്റം വരുത്തിയിട്ടുണ്ട്.

(11) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 26 ആയ Kadupattan എന്നത് നീക്കം ചെയ്തും പ്രസ്തുത പട്ടികയിലുള്ള ഇനം നമ്പർ 18 ആയ "Ezhuthachan" എന്നത് Ezhuthachan, Ezhuthassan, Kadupattan എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(12) Kallar, Kallan including Isanattu Kallar എന്ന സമുദായത്തെക്കൂടി സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഇനം നമ്പർ 29 ബി ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ചോദ്യം നമ്പർ *364 (എ) പിരിവിന്റെ അനുബന്ധം

### a) ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.എഫ്.ഡി.സി. വഴി നടപ്പാക്കുന്ന പദ്ധതികൾ

| Sl. No. | Scheme | Maximum unit cost | Interest Rate | Repayment Period | Max. Annual Family Income |
|---|---|---|---|---|---|
| 1 | Laghu Vyavasay Yojana | 4,00,000 | 6% | 5 years | |
| 2 | Micro Credit Finance Programme | 60,000 | 5% | 3 years | |

| | | | | | |
|---|---|---|---|---|---|
| 3 | Mahila Samridhi Yojana | 60,000 | 4% | 3 years | Rs. 3 lakh |
| 4 | Women Empowerment Programme (Kudumbasree Group) | 60,000 (per person) | 5% | 3 years | Rs. 3 lakh |
| 5 | Community Development Society Loan | 1,00,000 (per person) | 5% | 3 years | Rs. 3 lakh |
| 6 | Education Loan | Upto 20,00,000/- | 4% | 12 years (after course Completion) | Rs. 3 lakh |

b) ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.ടി.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| Sl. No. | Scheme | Maximum unit cost | Interest Rate | Repayment Period | Max. Annual Family Income |
|---|---|---|---|---|---|
| 1 | Adhivasi Mahila Sasakthikaran Yojana | 2,00,000 | 4% | 5 years | Rs. 3 lakh |
| 2 | Loan for Tribal Entrepreneurs | Upto 4,00,000 | 6% | 5 years | Rs. 3 lakh |
| 3 | Adhivasi Siksha Rin Yojana (Education Loan) | 5,00,000 | 6% | 5 years (after course Completion) | Rs. 3 lakh |
| 4 | Women Empowerment Programme (Kudumbasree | 5,00,000 | 5% | 4 years | Rs. 3 lakh |

| | | | | | |
|---|---|---|---|---|---|
| | Group) | | | | |
| 5 | Community Development Society Loan | 50,000-1,00,000 (per person) | 5% | 4 years | |

## c) സർക്കാരിന്റെ മൂലധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

| Sl. No. | Scheme | Maximum Loan per unit | Interest Rate | Repayment Period | Max. Annual Family Income |
|---|---|---|---|---|---|
| 1 | Beneficiary Oriented Scheme | 3,00,000 | 7 % | 5 years | Rs. 3.5 lakh |
| 2 | Professional Service Scheme (SC only) | 5,00,000 | 8 % | 5 years | |
| 3 | Foreign Employment Scheme | 50,000 | 6 % | 3 years | |
| 4 | Foreign Employment Scheme (SC only) | 2,00,000 | 6 % | 3 years | |
| 5 | Vehicle Loan | 10,00,000 | Upto 5 lakh 7 %<br>above 5 lakh 8% | 5 years | Rs. 20 lakh |
| 6 | Multi Purpose Unit Loan (Available to Govt. Contractors) | 25,00,000 | Upto 5 lakh 7 %<br>above 5 lakh 9% | 5 years | |
| 7 | Loan for Rehabilitation of Return Emigrants | 20,00,000 | Upto 5 lakh 6 %<br>above 5 lakh 8% | 5 years | |
| 8 | Education Loan | 2,00,000 to 4,00,000 | 6 % | 5 years(after course | Rs. 3.5 lakh |

| | | | | | |
|---|---|---|---|---|---|
| | | | | completion ) | |
| 9 | Foreign Education Loan | 10,00,000 | Upto 5 lakh 6 % above 5 lakh 8.5% | 5 years(after course completion ) | Rs. 5 lakh |
| 10 | Loan for Start up Entrepreneurs | 50,00,000 | 7 % | 5-7 years | Rs. 25 lakh |
| 11 | Working Capital Loan to Petroleum Dealers | 10,00,000 | 4 % | 8 years | Rs. 6 lakh |
| 12 | Marriage Loan (Parents shall be aged within 65 years) | 3,50,000 | 7 % | 5 years | Rs. 7 lakh |
| 13 | Housing Loan | 20,00,000 | Upto 5 lakh 7 % above 5 lakh 8% Govt. Employee 8.75% (both) | 20 years | Rs. 20 lakh |
| 14 | House Renovation Loan | 5,00,000 | 7 % Govt. Employee - 8% | 6 years | No limit |
| 15 | Car Loan | 7,00,000 | 9 % | 5 years | Rs. 6 lakh |
| 16 | Car Loan to Govt. Employees | 7,00,000 | 9 % | 5 years | No limit |
| 17 | Personal Loan others | 4,00,000 | 10 % | 5 years | Rs. 6 lakh |
| 18 | Personal Loan Govt. Employees | 4,00,000 | 10 % | 5 years | No limit |
| 19 | Two wheeler loan to Govt. Employees | 1,00,000 | 9 % | 5 years | |

# അനുബന്ധം - 2

## ACHIEVEMENT IN LOAN DISBURSEMENT DURING THE LAST SIX YEARS

(Rs. In Lakhs)

| Year | SC | | ST | | Total | |
|---|---|---|---|---|---|---|
| | No. of Beneficiaries | Amount | No. of Beneficiaries | Amount | No. of Beneficiaries | Amount |
| 2024-25 (upto 31-01-2025) | 3491 | 7571.23 | 443 | 997.35 | 3934 | 8568.58 |
| 2023-24 | 5092 | 10173.31 | 701 | 1591.61 | 5793 | 11764.92 |
| 2022-23 | 5283 | 9506.50 | 643 | 983.27 | 5926 | 10489.77 |
| 2021-22 | 5207 | 9399.94 | 528 | 936.57 | 5735 | 10336.51 |
| 2020-21 | 3726 | 6043.44 | 505 | 717.78 | 4231 | 6761.22 |
| 2019-20 | 4869 | 8299.97 | 425 | 692.69 | 5294 | 8992.66 |

## ജാമ്യമില്ലാതെ വനിതാ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ്), (സി.ഡി.എസ്.) വഴി നൽകിയ വായ്പകളുടെ വിശദാംശങ്ങൾ

| FINANCIAL YEAR | SC | | ST | | Total | |
|---|---|---|---|---|---|---|
| | No. of Beneficiaries | Amount (Rs) | No. of Beneficiaries | Amount (Rs) | No. of Beneficiaries | Amount (Rs) |
| 2024-25* (upto | 313 | 27150000 | 6 | 300000 | 319 | 27450000 |

| | | | | | | |
|---|---|---|---|---|---|---|
| 31-01-2025) | | | | | | |
| 2023-24 | 483 | 28030000 | 30 | 1500000 | 513 | 29530000 |
| 2022-23 | 817 | 48150000 | 180 | 9230000 | 997 | 57380000 |
| 2021-22 | 765 | 49880000 | 56 | 3945000 | 821 | 53825000 |
| 2020-21 | 385 | 18125000 | 87 | 3030000 | 472 | 21155000 |
| 2019-20 | 448 | 14775000 | 0 | 0 | 448 | 14775000 |
| 2018-19 | 1063 | 30090000 | 0 | 0 | 1063 | 30090000 |

(സി) പിരിവിന്റെ അനുബന്ധം

**അനുബന്ധം - 3**

**ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.ടി.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ**

Age limit 18-55 years

| Sl. No. | Scheme | Maximum Unit Cost | Interest Rate | Repayment Period | Maximum Annual Family Income |
|---|---|---|---|---|---|
| 1 | Adhivasi Mahila Sasakthikaran Yojana | 2,00,000 | 4% | 5 years | Rs. 3 lakhs |
| 2 | Loan for Tribal Entrepreneurs | Upto 4,00,000 | 6% | 5 years | |

| | | | | | |
|---|---|---|---|---|---|
| 3 | Adhivasi Siksha Rin Yojana (Education Loan) | 5,00,000 | 6% | 5 years (after course completion) | |
| 4 | Women Empowerment Programme (Kudumbasree Group) | 5,00,000 | 5% | 4 years | |
| 5 | Community Development Society Loan | 50,000-1,00,000 (Per Person) | 5% | 4 years | |

## <u>കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മൂലധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ</u>

<u>Age limit 18-55 years, unless specified</u>

| No. | Scheme | Maximum Loan per Unit | Interest Rate | Repayment Period | Maximum Annual Family Income |
|---|---|---|---|---|---|
| 1 | Beneficiary Oriented Scheme | 3,00,000 | 7% | 5 years | Rs. 3.50 lakh |
| 2 | Foreign Employment Scheme | 50,000 | 6% | 3 years | |
| 3 | Vehicle Loan | 10,00,000 | Upto 5 lakh 7% | 5 years | Rs. 20 |

| | | | | | |
|---|---|---|---|---|---|
| | | | Above 5 lakh 8% | | |
| 4 | Multi Purpose Unit Loan (also available to Govt. Contractors) | 25,00,000 | Upto 5 lakh 7% Above 5 lakh 9% | 5 years | lakh |
| 5 | Loan for Rehabilitation of Return Emigrants | 20,00,000 | Upto 5 lakh 6% Above 5 lakh 8% | 5 years | |
| 6 | Loan for Start Up Entrepreneurs | 50,00,000 | 7% | 5-7 years | Rs. 25 lakh |
| 7 | Working Capital Loan to Petroleum Dealers | 10,00,000 | 4% | 8 years | 6 lakh |

(ഡി) പിരിവിന്റെ അനുബന്ധം

## അനുബന്ധം - 4

ജാമ്യമില്ലാതെ വനിതാ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ്), (സി.ഡി.എസ്.) വഴി നൽകിയ വായ്പകളുടെ വിശദാംശങ്ങൾ

| FINANCIAL YEAR | ST | |
|---|---|---|
| | No. of Beneficiaries | Amount |
| 2024-25* (upto 31-01-2025) | 6 | 300000 |

| | | |
|---|---|---|
| 2023-24 | 30 | 1500000 |
| 2022-23 | 180 | 9230000 |
| 2021-22 | 56 | 3945000 |
| 2020-21 | 87 | 3030000 |

അനുബന്ധം II

(1) ഡോ. എൻ. ജയരാജ് എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള വിശദമായ മറുപടി

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ സാമൂഹ്യ പ്രാധാന്യമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ബ്ലോക്ക് 21-ൽ റീസർവേ നം.136/3-ൽപ്പെട്ട 1.1475 ഹെക്ടർ പാറ പുറമ്പോക്ക് ഭിന്നശേഷിക്കാർക്കായി പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ടി വസ്തുവിലുള്ള കയ്യേറ്റങ്ങൾ തഹസിൽദാർ ഒഴിപ്പിച്ചിട്ടുള്ളതും സ്കെച്ച്, മഹസ്സർ എന്നിവ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിലേക്ക് ടി വസ്തുവിലുള്ള വൃക്ഷങ്ങളുടെ വില നിർണ്ണയിക്കുന്നതിന് കോട്ടയം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്.

ടി വസ്തുവിലുള്ള മരങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വനം വകുപ്പിൽനിന്നും ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും ഭിന്നശേഷിക്കാർക്ക് പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനായി ടി സ്ഥലത്തുനിൽക്കുന്ന മരങ്ങളുടെ വാല്യുവേഷൻ നടത്തി റിപ്പോർട്ട് 10-03-2025-ന് തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി മൂല്യനിർണ്ണയ റിപ്പോർട്ട് പരിശോധിച്ച് ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി കാഞ്ഞിരപ്പള്ളി തഹസിൽദാർ സ്വീകരിച്ചുവരികയാണ്. ടി പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതും, പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായാലുടൻ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതുമാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(2) 'കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം' സംബന്ധിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടി

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി വില്ലേജിൽ ശാന്തി നഗറിൽ 1988 മുതൽ 2010 വരെയുള്ള വിവിധ വർഷങ്ങളിലായി 1-11-462, 1-5-162 എന്നീ ടൗൺ സർവെ ഫീൽഡുകളിലും അതിനോട് ചേർന്ന് കിടക്കുന്ന സർവെ ചെയ്യാത്ത കടൽ പുറമ്പോക്ക് ഭൂമികളിലുമായി നിരവധി കുടുംബങ്ങൾക്ക് സർക്കാർ ഭൂമി പതിച്ചു നൽകിയിരുന്നു. പതിച്ചു നൽകിയ ഭൂമികൾക്കിടയിലുള്ള പല ഭാഗങ്ങളിലുമായി ധാരാളം പേർ പിന്നീട് കൈയേറി കുടിൽകെട്ടി താമസിക്കുകയും ചെയ്തു. പതിച്ചു നൽകിയ ഭൂമിയിൽ വളരെ ശോചനീയമായ സാഹചര്യത്തിൽ കഴിഞ്ഞുവന്നിരുന്ന 214 കുടുംബങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 2011-ൽ KSHB വഴി വീടുകൾ നിർമ്മിച്ചു നൽകിയിരുന്നു. ഭൂരിഭാഗം പട്ടയങ്ങളിലും സർവെ നമ്പറോ അതിരുകളോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പട്ടയ ഭൂമി ഏതെന്ന് പരിശോധിക്കാതെ കൈവശക്കാരിൽനിന്ന് സമ്മത പത്രം വാങ്ങിയാണ് KSHB വീട് നിർമ്മിച്ച് നൽകിയത്. പ്രസ്തുത വീടുകൾ എല്ലാം ഏകദേശം ഒരേ വിസ്തീർണത്തിൽ ഉള്ളവയായിരുന്നുവെങ്കിലും പട്ടയത്തിൽ രേഖപ്പെടുത്തിയ വിസ്തീർണ്ണം കണക്കിലെടുക്കാതെ വീട് നിർമ്മിച്ച്

നൽകിയതിനാൽ ഭൂരിഭാഗം വ്യക്തികൾക്കും പട്ടയത്തിൽ രേഖപ്പെടുത്തിയതിൽനിന്ന് വിഭിന്നമായ വിസ്തീർണത്തിലുള്ള ഭൂമിയാണ് ലഭ്യമായത്. സർവെ ചെയ്ത ഭൂമിയിൽ പട്ടയം ലഭിച്ച കുടുംബത്തിന് സർവെ ചെയ്യാത്ത കടൽ പുറമ്പോക്ക് ഭൂമിയിലും, സർവെ ചെയ്യാത്ത കടൽ പുറമ്പോക്ക് ഭൂമിയിൽ പട്ടയം ലഭിച്ച കുടുംബത്തിന് സർവെ ചെയ്ത ഭൂമിയിലും വീട് വച്ച് നൽകുകയും പട്ടയം ലഭിച്ച കുടുംബത്തിന് വീട് വെച്ച് നൽകാതെയും പട്ടയം ഇല്ലാതെ കൈയേറി താമസിച്ച ഭൂമിയിൽ വീട് വച്ച് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ കാരണം പട്ടയം ലഭിച്ച കുടുംബങ്ങൾക്ക് പോലും കൈവശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്.

നിലവിൽ 327 കുടുംബങ്ങൾ വീട് വച്ചോ കുടിൽകെട്ടിയോ താമസിച്ചുവരുന്നുണ്ട്. ഇവരിൽ 271 കുടുംബങ്ങൾ വിവിധ സമയങ്ങളിലായി പട്ടയം ലഭിച്ചവരാണ്. 56 കുടുംബങ്ങൾ പട്ടയം ഒന്നുമില്ലാതെ ഭൂമി കൈയേറി വീട്/കുടിൽ നിർമ്മിച്ച് താമസിച്ചുവരുന്നവരാണ്. ഇവരിൽ 214 കുടുംബങ്ങൾക്കാണ് KSHB വഴി വീട് വച്ച് നൽകിയിട്ടുള്ളത്. കടൽ ഭിത്തിക്ക് 30 മീറ്ററിനുള്ളിലുള്ള ഭൂമിയിൽ പോലും KSHB വഴി വീട്

നിർമ്മിച്ച നൽകിയിട്ടുണ്ട്. കോളനിയിലെ വീട് നിൽക്കുന്ന മുഴുവൻ ഭൂമിയും സർവെ ചെയ്ത് ഓരോ വീട്/കുടിൽ-ന്റെയും സ്ഥാനം നിർണയിച്ചിട്ടുള്ളതാണ്.

ശാന്തിനഗർ കോളനി സ്ഥിതി ചെയ്യുന്ന ഭാഗത്ത് കടൽ ഭിത്തി വളരെ ദുർബലമായതിനാൽ കടൽ ഭിത്തിയിൽനിന്നും ഏതാണ്ട് 50 മീറ്ററിനുള്ളിലുള്ളവരെ ഏതാണ്ട് എല്ലാ വർഷവും കടൽ ക്ഷോഭം കാരണം മാറ്റിപ്പാർപ്പിക്കാറുള്ളതാണ്. ആയതിനാൽതന്നെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിനായി പഴയ പട്ടയം റദ്ദ് ചെയ്ത് നിലവിൽ കൈവശം വെച്ചുവരുന്ന വിസ്തീർണത്തിനും ഭൂമിക്കും അനുസരിച്ച് അർഹത പരിശോധിച്ച് പുതിയ പട്ടയം നൽകിക്കൊണ്ട് മാത്രം ഈ കോളനിയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ശാന്തി നഗർ കോളനിയിലെ നാലിലൊന്ന് കുടുംബങ്ങൾ മാത്രമാണ് മത്സ്യത്തൊഴിൽ ഉപജീവനമാർഗ്ഗം ആക്കിയിട്ടുള്ളത്. ബാക്കിയുള്ളവരിൽ ഭൂരിഭാഗവും കോഴിക്കോട് ബീച്ച് പരിസരത്തും മറ്റും വിവിധ സ്ഥാപനങ്ങളിലും കൂലിവേലയും മറ്റു നഗരാധിഷ്ഠിത ജോലികളും ചെയ്തു ജീവിച്ചുവരുന്നവരുമാണ്. ആയതിനാൽ നിലവിലുള്ള ജീവിതവൃത്തിയുമായി ബന്ധപ്പെട്ട പരിസരങ്ങളിൽനിന്ന് അകലെയുള്ള സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കാൻ ഭൂരിപക്ഷം പേരും

സന്നദ്ധരല്ല. കടൽ ഭിത്തിക്ക് 50 മീറ്ററിനുള്ളിൽ താമസിച്ചുവരുന്ന 202 കുടുംബങ്ങളിൽ 32 പേർ മാത്രമാണ് പുനർഗേഹം പദ്ധതി വഴിയുള്ള പുനരധിവാസത്തിന് സമ്മതം അറിയിച്ചിട്ടുള്ളത്. എന്നാൽ അവരിൽ തന്നെ 12 പേർക്ക് KSHB വഴി മുമ്പ് വീട് നിർമ്മിച്ചു നൽകിയിട്ടുള്ളതാണ്.

പുനർഗേഹം പദ്ധതിയിൽ അനുവദിക്കുന്ന 10 ലക്ഷം രൂപ കൊണ്ട് പരിസര പ്രദേശങ്ങളിൽ ഒന്നും ഭൂമി വാങ്ങി വീട് വയ്ക്കാൻ കഴിയാത്തതുകൊണ്ടാണ് അവർക്ക് ഈ പദ്ധതിയിൽ താൽപര്യമില്ലാത്തത്. ആയതിനാൽ പുനർഗേഹം പദ്ധതി വഴി 10 ലക്ഷം രൂപ നൽകി കൊണ്ടും ഈ കോളനിയിലെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയില്ല.

ശാന്തി നഗറിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി ഒന്നിലേറെ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. പുനരധിവാസ വിഷയത്തിൽ കൈവശക്കാരുടെ അഭിപ്രായം കൂടെ കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇക്കാര്യം അന്തിമമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഇക്കാര്യത്തിൽ സ്ഥല പരിശോധന നടത്തി താമസക്കാരുടെ അഭിപ്രായം കൂടി ലഭ്യമാക്കി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

റിപ്പോർട്ട് ലഭ്യമായതിനുശേഷം ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹു. അംഗത്തിന്റെ സാന്നിധ്യത്തിൽ ഒരു യോഗം ചേരാവുന്നതാണ്.

(3) 'കല്യാശ്ശേരിയിലെ റഗുലേറ്റർ കം ബ്രിഡ്ജിന് പുതിയ ഷട്ടർ' സംബന്ധിച്ച് ശ്രീ. എം. വിജിൻ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടി

കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ (കല്ല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പള്ളി പാണപ്പുഴ, ഏഴോം, പട്ടുവം) ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണത്തിന് 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 80 ലക്ഷം രൂപ വകയിരുത്തുകയും 31-03-2023 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 355/2023/WRD പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ഭരണാനുമതി നൽകിയ 15 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 5 പ്രവൃത്തികൾ പുരോഗതിയിലുമാണ്. ഒരു പ്രവൃത്തി ചെയ്യാനുദ്ദേശിച്ച സ്ഥലത്ത് പഞ്ചായത്ത് മുഖേന SWECB നിർമ്മിച്ചതുകൊണ്ട് പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ സാധിക്കാത്തതിനാൽ ആയത് റദ്ദ് ചെയ്തിട്ടുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന മേഖലകളിലേക്കുള്ള ഉപ്പുവെള്ള പ്രതിരോധാവശ്യാർത്ഥം മുട്ടിൽ കാപ്പ് റഗുലേറ്റർ കം ബ്രിഡ്ജ്, മുണ്ടപ്രം ആർ.സി.ബി. എന്നീ 2 പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നു. ഇതിൽ മുട്ടിൽ കാപ്പ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അനുബന്ധ രേഖകളും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽ നിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

മാടായി പഞ്ചായത്തിലെ നിലവിലുള്ള വെള്ളച്ചാൽ SWECB-യുടെ പുനർ നിർമ്മാണം, മൂലക്കീൽ ബണ്ട് റിപ്പയർ എന്നീ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്മേൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. വെള്ളിക്കീൽപുഴ (കുറ്റിക്കോൽ പുഴ) പ്രദേശത്ത് ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിണാവ് റഗുലേറ്റർ കം ബ്രിഡ്ജ്

1964-ൽ ഡിപ്പാർട്ട്മെന്റ് നിർമ്മിച്ചതാണ്. കാലപ്പഴക്കം കൊണ്ടും വർഷങ്ങളായി ഉപ്പുവെള്ളവുമായുള്ള നിരന്തര സമ്പർക്കം കാരണവും ആർ.സി.ബി.-യുടെ ഷട്ടറുകൾ പൂർണ്ണമായും നശിച്ച് ഉപയോഗശൂന്യമാണ്. കൂടാതെ പാലത്തിന്റെ പല ഭാഗങ്ങളിലും കോൺക്രീറ്റ് പൊട്ടിപ്പൊളിഞ്ഞ് പോയതായും കാണുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് വിഭാഗം പ്രസ്തുത ആർ.സി.ബി.-ക്ക് മുകൾ ഭാഗത്തായി പാലം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള ആർ.സി.ബി. റെഗുലേറ്റർ മാത്രമായി നിലനിർത്തിയാൽ മതിയാകും. ഉപയോഗശൂന്യമായ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കണമെങ്കിൽ നിലവിലുള്ള ആർ.സി.ബി.-യുടെ ബലക്ഷയം പരിശോധിക്കേണ്ടതായിട്ടുണ്ട്. 12-02-2025-ൽ KERI, Peechi അധികൃതർ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക്, ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(4) എൻ.എച്ച്-66-ൽ കായംകുളത്തെ അടിപ്പാത-മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീമതി യു. പ്രതിഭ നൽകിയ സബ്മിഷന് ബഹു മാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

Appendix

| Sl. No. | Type | Location | Chainage | Size | Remarks |
|---|---|---|---|---|---|
| 1. | VUP | Ochira | 460+765 | 1 x 22.9 x 5.5 | CA |
| 2. | SVUP | Kayankulam, Krishnapuram | 459+425 | 1 x7 x 4 | CA |
| 3. | SVUP | Kayankulam, KPAC Junction | 458+325 | 1 x 7 x 4 | CA |
| 4. | VUP | Kayankulam KSRTC | 456+520 | 1 x 22.9x 5.5 | CA |
| 5. | VUP | Kayankulam KSRTC | 456+495 | 1 x 22.9 x 5.5 | COS-3 |
| 6. | LVUP | Kayankulam ONK Junction | 455+765 | 1 x 15 x 4.5 | Change of span length from 12 m to 15 m for LVUP in COS-3 |
| 7. | LVUP | Putten road | 453+520 | 1 x 13.8 | CA |